പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1433 | 31-10-2019 -ൽ മറുപടിക്ക്

## പ്രളയ നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ടി.വി.ഇബ്രാഹിം** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഇക്കഴിഞ്ഞ പ്രളയത്തിൽ വ്യക്തികൾക്ക് നൽകിയ നഷ്ട പരിഹാരത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | എ) | 2019 ലെ പ്രളയത്തിൽ ക്യാമ്പിൽ താമസിച്ച കുടുംബങ്ങൾ, ആലപ്പുഴയിലെ ഗ്രൂവൽ സെന്ററിൽ എത്തിയവരായ കുടുംബങ്ങൾ എന്നിങ്ങനെ 1,21,991 കുടുംബങ്ങൾക്ക് 10,000 രൂപയുടെ ധനസഹായമാണ് നൽകിയിട്ടുണ്ട്. ഇപ്രകാരം 121.991 കോടി രൂപയാണ് ഇതുവരെ വിതരണം ചെയ്തിട്ടുളളത്. |
| ബി) | കച്ചവടസ്ഥാപനങ്ങൾക്ക് നാശ നഷ്ടങ്ങൾ സംഭവിച്ചവർക്ക് നഷ്ടപരിഹാരങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം നഷ്ട പരിഹാരം നല്കുവാൻ സാധിക്കില്ല. വ്യാപാരികൾക്ക് നഷ്ട പരിഹാരം ലഭിക്കുവാൻ അവർ പ്രകൃതി ദുരന്ത ഇൻഷുറൻസ് എടുക്കേണ്ടതുണ്ട്. |
| സി) | മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിലെ എടവണ്ണപ്പാറ, വാഴക്കാട് എന്നിവിടങ്ങളിലെ കടകൾക്കും, വ്യാപാരസ്ഥാപനങ്ങൾക്കും സംഭവിച്ച നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തി യിട്ടുണ്ടോ; ഇവർക്ക് നൽകാനു ദ്ദേശിക്കുന്ന നഷ്ടപരിഹാര ത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | സി) | ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തിരം എടവണ്ണപ്പാറ, വാഴക്കാട് എന്നിവിടങ്ങളിലെ കടകൾക്കും, വ്യാപാരസ്ഥാപനങ്ങൾക്കും സംഭവിച്ച നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു. |

| വിഭാഗം | എണ്ണം | നഷ്ടം (ലക്ഷത്തിൽ) |
|---|---|---|
| എം.എസ്.എം.ഇ | 112 | 237.34 |
| കടകൾ/ വ്യാപാര സ്ഥാപനങ്ങൾ | 282 | 424.66 |
| **ആകെ** | **394** | **662.00** |

സെക്ഷൻ ഓഫീസർ